**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6013** **17-03-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ ഒരു സാമ്പത്തിക വർഷം ടെണ്ടർ സേവിംഗ്സായി വരുന്ന തുക ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ നിർദ്ദേശിക്കാൻ ധനകാര്യ വകുപ്പിൽ നിന്നും അനുമതി വാങ്ങണമെന്ന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പ്രത്യേക വികസന നിധി വിനിയോഗിച്ച് ശുപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദിച്ചു കൊണ്ടുള്ള വ്യവസ്ഥകൾ ഒന്നും തന്നെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന പ്രകാരം, ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല. നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെൻഡർ സേവിംഗ്സ് അനുവദനീയമല്ലാത്തതിനാൽ ടെണ്ടർ സേവിംഗ്സ് വിനിയോഗിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്. |
| (ബി) | ഒരു സാമ്പത്തിക വർഷം ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്ക് ഭരണാനുമതി നൽകാൻ കഴിയില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന പ്രകാരം, ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല. ടി മാർഗ്ഗരേഖ പ്രകാരം പ്രതിവർഷം ഒരു കോടി രൂപയാണ് ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ചു നല്കുന്നത്. |

സെക്ഷൻ ഓഫീസർ